നം.ആർ&ആർ.(1)/90010/2017/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി : 09.01.2020.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - "സുരക്ഷിത വിദ്യാലയം" ക്യാമ്പയിന്റെ ഭാഗമായി സ്പെഷ്യൽ പി.ടി.എ യോഗം കൂടുന്നത്-സംബന്ധിച്ച്.

സൂചന:-
1. സർക്കുലർ നം.ആർ&ആർ(1)90010/17/ഡി.ജി.ഇ. തീയതി. 22.11.2019.
2. സർക്കാർ സർക്കുലർ നം.ഡി.എ1/361/2019/ത.സ്വ.ഭ.വ. തീയതി. 23.11.2019.

2020 ജനുവരി മാസം 01-ാം തീയതി മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും **"സുരക്ഷിത വിദ്യാലയം"** എന്ന ക്യാമ്പയിൻ നടത്തപ്പെടുകയാണ്. കുട്ടികളിൽ പ്രായോഗിക ജീവിത പരിശീലനം, സ്കൂൾ സുരക്ഷ, പ്ലാസ്റ്റിക്ക് നിരോധനം നടപ്പാക്കൽ, സുരക്ഷിത ശബ്ദം എന്നീ ആശയങ്ങൾ മുൻനിർത്തിയാണ് ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടത്.

വിദ്യാലയ സുരക്ഷിതത്വം സംസ്ഥാനത്ത് ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിലും അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങൾ നിരന്തരം നടത്തേണ്ടതുണ്ട്. കുട്ടികളിൽ-സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുവാനുള്ള ആർജ്ജവം സൃഷ്ടിച്ച് അതുവഴി സാമൂഹ്യ പ്രതിബദ്ധത വളർത്തിയെടുക്കുക, സംസ്ഥാനത്ത് ഏർപ്പെടുത്തിയ പ്ലാസ്റ്റിക് നിരോധനം പൂർണമായി നടപ്പിൽ വരുത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക, ജനങ്ങളെ വിശിഷ്യാ കുട്ടികളെ ബാധിക്കുന്ന ശബ്ദ മലീനികരണത്തിന് തടയിടുക, വിദ്യാലയ പരിസരങ്ങളിൽ വർദ്ധിച്ച് വരുന്ന ലഹരി വില്പന തടഞ്ഞ് കുട്ടികളിൽ ലഹരി ഉപയോഗങ്ങളുടെ വിനാശകരമായ വിപത്തിന്റെ അവബോധം വളർത്തിയെടുത്ത് ഊർജ്ജസ്വലതയുള്ള യുവതലമുറയെ വാർത്തെടുക്കുക, സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വില്പനയോ സാന്നിദ്ധ്യമോ ഇല്ലായെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് **"സുരക്ഷിത വിദ്യാലയം"** ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ. അതോടൊപ്പം സ്കൂൾ കെട്ടിടവും പരിസരവും അപകടരഹിത മായിരിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. വൃത്തിയുള്ള ശുചിമുറികൾ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടായിരിക്കണമെന്ന നിർബന്ധവും ഈ പശ്ചാത്തലത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഇത്തരം കാര്യങ്ങൾക്കെല്ലാം ഊന്നൽ നൽകിക്കൊണ്ടുള്ള പ്രായോഗിക - പ്രചരണ പ്രവർത്തനങ്ങൾ 2020 വർഷത്തിൽ ഏറ്റെടുക്കണമെന്നാണ് പൊതു വിദ്യാഭ്യാസവകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി സ്പെഷ്യൽ പി.ടി.എ മീറ്റിംഗുകൾ കൂടേണ്ടതാണ്. പി.ടി.എ അംഗങ്ങൾ, പോലീസ്, എക്സൈസ്, വിമുക്തി ഉദ്യോഗസ്ഥർ സ്കൂൾ പരിസരത്തെ പ്രധാന വ്യക്തിത്വങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പ്രിൻസിപ്പൽമാർ/ ഹെഡ്മാസ്റ്റർമാർ സ്കൂൾ തലത്തിൽ ജാഗ്രതാ സമിതികൾ വിളിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയ അധികൃതരും നടത്തേണ്ടതാണ്.

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും **2020 ജനുവരി മാസം 18-ാം** തീയതി **"സുരക്ഷിത വിദ്യാലയം"** ക്യാമ്പയിന്റെ ഭാഗമായ സ്പെഷ്യൽ പി.ടി.എ മീറ്റിംഗുകൾ കൂടി മുകളിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതിന് ആവശ്യമായ തീരുമാനങ്ങൾ എടുത്ത് പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, പുകവലി മുതലായ സാമൂഹ്യ വിപത്തുകൾക്കെതിരെ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി, പൊതു വിദ്യാഭ്യാസ സെക്രട്ടറി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നൽകുന്ന സന്ദേശത്തിന്റെ വീഡിയോ SIET തയ്യാറാക്കിയത് **https://youtu.be/akL6ZTks_7w** എന്ന യുട്യൂബ് ലിങ്കിൽ ലഭ്യമാണ്. കൂടാതെ ഈ വിഷയത്തിൽ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രത്യേക സന്ദേശവും, SIET തയ്യാറാക്കിയ വീഡിയോയും **https://youtu.be/361EmACDczY** എന്ന യുട്യൂബ് ലിങ്കിൽ ലഭ്യമാണ്. ഈ രണ്ട് സന്ദേശ വീഡിയോകളും സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേയും എല്ലാ ഹൈടെക് ക്ലാസ്സ് മുറികളിലും വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും മുന്നിലും, 18-01-2020-ന് കൂടുന്ന സ്പെഷ്യൽ പി.റ്റി.എ. മീറ്റിംഗിലും പ്രദർശിപ്പിക്കേണ്ടതും, സ്പെഷ്യൽ പി.റ്റി.എ. മീറ്റിംഗിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികളും പ്രസ്തുത സന്ദേശ വീഡിയോ കണ്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ.**

സ്വീകർത്താക്കൾ:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കണ്ടറി. വിഭാഗം)
3. എല്ലാ എ.ഡി മാർക്കും ( വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം.)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. വിമുക്തി (വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)
7. സ്കൂൾ പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനമേധാവികൾ (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
8. എല്ലാ ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർക്കും, (ആർ.ഡി.ഡി മുഖേന)
9. എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർക്കും (എ.ഡി മുഖേന)
10. എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)
11. എല്ലാ യു.പി, എൽ.പി, പ്രഥമാധ്യാപകർക്കും (എ.ഇ.ഒ. മുഖേന)
12. കരുതൽ ഫയൽ

പകർപ്പ്:

1. സ്ഥലത്തെ എല്ലാ പോലീസ് സ്റ്റേഷൻ ഓഫീസർമാർക്കും
2. സ്ഥലത്തെ ഫയർ സർവ്വീസ് ഓഫീസർമാർക്കും

} എ.ഇ.ഒ.മുഖേന